# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1320 — 04.12.14 ൽ - മറുപടിക്ക്

## റേഷൻ കാർഡ് പുതുക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ : | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര റേഷൻ കാർഡുകൾ ഉണ്ട്; റേഷൻ കാർഡുകൾ പുതുക്കി നൽകേണ്ടിയിരുന്നത് എപ്പോഴായിരുന്നു; | (എ) | സംസ്ഥാനത്ത് നിലവിൽ 8317000 റേഷൻകാർഡുകൾ ഉണ്ട്. നിലവിലെ റേഷൻകാർഡുകളുടെ കാലാവധി 2012-ൽ അവസാനിച്ചിരുന്നു. റേഷൻ വിഹിതം ലഭിയ്ക്കതക്ക വിധം കാർഡിന്റെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. |
| (ബി) | അനർഹരായിട്ടുള്ളവരെയെല്ലാം ഒഴിവാക്കിക്കൊണ്ട് പുതിയ റേഷൻകാർഡ് അനുവദിക്കുന്നതിൽ കാലതാമസം നേരിട്ടിരിക്കുന്നത് എന്തുകൊണ്ടാണ്; | (ബി) | ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിന് നിലവിലെ കാർഡുകൾ പുതുക്കുന്ന നടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. |
| (സി) | റേഷൻകാർഡുകൾ പുതുക്കി നൽകാതിരിക്കുന്നതു മൂലമുണ്ടായിക്കൊണ്ടിരിക്കുന്നനഷ്ടത്തെക്കുറിച്ച് ബോധ്യപ്പെട്ടിട്ടുണ്ടോ; | (സി) | റേഷൻകാർഡുകൾ പുതുക്കി നൽകാത്തതു മൂലം എന്തെങ്കിലും നഷ്ടം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പുതുക്കി നൽകേണ്ടിയിരുന്ന സമയത്തിനകം അത് നൽകുന്നതിൽ വീഴ്ച വരുത്തിയിരിക്കുന്നത് ഏത് തലത്തിലുള്ള ഉദ്യോഗസ്ഥൻമാരാണ്; പുതുക്കിയ റേഷൻകാർഡ് എന്നത്തേയ്ക്ക് പൂർണ്ണമായും നൽകുമെന്ന് വെളിപ്പെടുത്താമോ? | (ഡി) | റേഷൻകാർഡ് പുതുക്കി നൽകാതിരുന്നത് ഉദ്യോഗസ്ഥരുടെ വീഴ്ച മൂലമല്ല. സംസ്ഥാനത്തെ റേഷൻ കാർഡ് പുതുക്കൽ പ്രക്രിയ, ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിൽ വരുന്ന നടപടിയ്ക്കൊപ്പം പൂർത്തീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.റേഷൻ കാർഡ് പുതുക്കുന്നതിന്റെ ഭാഗമായ സൗജന്യ ഫാറങ്ങളുടെ |

വിതരണം 01.01.2015 മുതൽ ആരംഭിക്കുന്നതാണ്. ഇങ്ങനെ വിതരണം ചെയ്യുന്ന ഫോറങ്ങൾ പ്രത്യേകമായി സജ്ജീകരിച്ചിട്ടുള്ള ക്യാമ്പുകളിലൂടെ കാർഡുടമകളുടെ ഫോട്ടോ എടുക്കുന്നതോടൊപ്പം മടക്കിവാങ്ങി ഡാറ്റാ എൻട്രി നടത്തി മുൻഗണനാ വിഭാഗത്തെ കണ്ടെത്തി പട്ടിക പ്രസിദ്ധീകരിക്കുകയും ടി പട്ടികയ്ക്ക് പഞ്ചായത്ത് വഴി അംഗീകാരം നൽകി കാർഡ് പുതുക്കി നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇപ്പോഴത്തെ സമയ പട്ടികയനുസരിച്ച് 01.09.2015 മുതൽ പുതിയ റേഷൻകാർഡുകൾ നിലവിൽ വരുന്നതാണ്.

സെക്ഷൻ ഓഫീസർ